# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ജൂലായ് 25-ാം തീയതി വെള്ളിയാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -25)


708)രജിസ്ട്രേഷൻ പുതുക്കുന്നതിന് സൗകര്യം നൽകാൻ നടപടി
709)വൃദ്ധജന ക്ഷേമത്തിനായുള്ള പരിപാടികൾ
710)പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിക്കുന്നതിന് കർമ്മസമിതി
711)സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് നടപടി
712)ജപ്തി ചെയ്യപ്പെട്ട കെ.എസ്.ആർ.ടി.സി ബസ്സുകൾ റിലീസ് ചെയ്യുന്നതിന് നടപടി
713)ഗതാഗത മേഖലയിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് നടപടി
714)സ്വകാര്യ മേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ
715)സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ
716)ഭക്ഷ്യസംസ്ക്കരണ മേഖലയിൽ പുതിയ സംരംഭങ്ങൾ
717)കൈത്തറി രംഗത്ത് ഗുണമേൻമയുള്ള വസ്ത്രങ്ങൾ ഉണ്ടാക്കുവാൻ പദ്ധതി
718)സംസ്ഥാന സഹകരണ യൂണിയൻ ഭരണസമിതി തെരഞ്ഞെടുപ്പ്
719)കൈത്തറി വികസനത്തിന് ഗവേഷണം
720)ക്ഷേമനിധി പെൻഷനുകൾ കാലോചിതമായി പരിഷ്ക്കരിക്കുവാൻ നടപടി
721)പ്രൈവറ്റ് ബസുകളുടെ ഓവർലാപ്പിംഗ്
722)ലോകവാണിജ്യ കരാർ കൈത്തറിമേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി
723)ഐ.ടി. വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള രാജ്യാന്തര കമ്പനികൾ
724)കൂടുതൽ നീതി സ്റ്റോറുകൾ ജില്ലകളിൽ ആരംഭിക്കാൻ നടപടി
725)പ്രൈവറ്റ് ബസ്സുകളുടെ പ്രവർത്തനരീതിയെപ്പറ്റിയുള്ള പഠനം
726)കൈത്തറി ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് നടപടി
727)കപ്പലുകൾ വാർഫിനോട് ചേർത്ത് നങ്കൂരമിടുന്നതിനുള്ള സൗകര്യം
728)കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം
729)ഭരണനവീകരണം തൊഴിൽ മേഖലയിൽ
730)പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ തുറക്കാൻ നടപടി
731)റോഡപകടങ്ങൾ ലഘൂകരിക്കുന്നതിന് നടപടി
732)കാലപ്പഴക്കം ചെന്ന ബോട്ടുകൾ മാറ്റുന്നതിന് നടപടി


### രജിസ്ട്രേഷൻ പുതുക്കുന്നതിന് സൗകര്യം നൽകാൻ നടപടി

*708 ശ്രീ. എ. എൻ. രാജൻബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത് വ്യത്യസ്ഥ കാരണങ്ങളാൽ പുതുക്കാൻ കഴിയാതെ പോയ തൊഴിൽരഹിതരുടെ വിഷമസ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തവർക്ക് ഇതു പുതുക്കുന്നതിനുള്ള അവസരം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ പുതുക്കുന്നതിന് എത്രതവണ പ്രത്യേകാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി):**

(എ)&(ബി) ഉണ്ട്. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തശേഷം വ്യത്യസ്ഥ കാരണങ്ങളാൽ പുതുക്കാൻ കഴിയാതെപോയവരുടെ വിഷമസ്ഥിതി പരിഹരിക്കുന്നതിന് വേണ്ടി 1-1-1995 മുതൽ റദ്ദായിപ്പോയ രജിസ്ട്രേഷൻ പുന:സ്ഥാപിച്ചു നൽകുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

.(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, റദ്ദായിപ്പോയ എംപ്ളോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള പ്രത്യേക അനുമതി 2001-ലും 2003-ലും ആയി രണ്ടുപ്രാവശ്യം നൽകിയിട്ടുണ്ട്.

### വൃദ്ധജന ക്ഷേമത്തിനായുള്ള പരിപാടികൾ

*603. ശ്രീ. എ.സി. ഷൺമുഖദാസ് :
ശ്രീ. കെ.പി. മോഹനൻ :
ശ്രീ. സി.കെ. നാണു :
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃദ്ധന്മാരുടെ ക്ഷേമം ലക്ഷ്യമാക്കി എന്തെല്ലാം പരിപാടികളാണ് സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നത് ;

(ബി) വൃദ്ധന്മാരുടെ ക്ഷേമപദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിൽ നിന്ന് എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ കഴിഞ്ഞ സാമ്പത്തികവർഷം എത്രതുക സഹായം ലഭിച്ചുവെന്നും ഏതെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് ഇതെന്നും വെളിപ്പെടുത്തുമോ ;

(സി) വൃദ്ധന്മാരുടെ ക്ഷേമ കാര്യങ്ങൾ സംബന്ധിച്ച് സീനിയർ സിറ്റിസൺസ് അസോസിയേഷനിൽ നിന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി(വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :**

(എ) വൃദ്ധന്മാരുടെ ക്ഷേമം ലക്ഷ്യമാക്കി താഴെപ്പറയുന്നവയാണ് സർക്കാർ നടത്തിവരുന്ന പദ്ധതികൾ.

(മ)

1. വൃദ്ധസദനങ്ങൾ
2. പകൽ പരിപാലന കേന്ദ്രങ്ങൾ
3. വാർദ്ധ്യക്യകാലപെൻഷൻ
4. അന്നപൂർണ്ണ പദ്ധതി

(യ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 5 ശതമാനം വികലാംഗർ, ശിശുക്കൾ എന്നിവരോടൊപ്പം വൃദ്ധജനങ്ങൾക്കും നീക്കിവച്ചിട്ടുണ്ട്.

(ര) താഴെപ്പറയുന്ന പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

1. സാമൂഹ്യ സുരക്ഷാ പദ്ധതി
2. വയോജനങ്ങൾക്കായി ഒരു ഇൻഷൂറൻസ് പദ്ധതി.

(ബി) ഉണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം വാർദ്ധക്യകാല പെൻഷനും അന്നപൂർണ്ണാ പദ്ധതിക്കുമായി 15.42 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചു. 1242 ലക്ഷം രൂപ വാർദ്ധക്യകാല പെൻഷനും 300 ലക്ഷം രൂപ അന്നപൂർണ്ണ പദ്ധതിക്കുമായിരുന്നു .

ഇതിനു പുറമെ വൃദ്ധസദനങ്ങൾ, ഡേകെയർ സെന്ററുകൾ, മെഡികെയർ സെന്ററുകൾ തുടങ്ങിയ പദ്ധതികൾക്കുവേണ്ടി സംസ്ഥാന സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സന്നദ്ധ സംഘടനകൾക്ക് കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭിച്ചുവരുന്നു.

(സി) ഉണ്ട്.

ഇത് സർക്കാരിന്റെ പരിഗണനയിലാണ്.

**പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിക്കുന്നതിന് കർമ്മസമിതി**

*710. ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നു; അവ ഏതെല്ലാം ;

(ബി) ഇവയിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തനരഹിതമായി തീർന്നിട്ടുണ്ട് ;

(സി) പൂട്ടിക്കിടക്കുന്നതും പ്രവർത്തനരഹിതമായി തീർന്നിട്ടുള്ളതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിക്കുന്നതു സംബന്ധിച്ച് ഒരു കർമ്മ പരിപാടിക്ക് രൂപം കൊടുക്കുവാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :**

(എ)& (ബി) ചാലക്കുടി റിഫ്രാക്ടറീസ്, മന്നം കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ്, കെൽട്രോൺ പവർ ഡിവൈസസ്, സിഡ്ക്കൽ ടെലിവിഷൻ ലിമിറ്റഡ്, കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിന്റെ ഹൈഡ്രജനേഷൻ ഡിവിഷൻ എന്നിവ പൂട്ടിക്കിടക്കുകയാണ്. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലേ ഓഫിലാണ്. കേരള സ്പെഷ്യൽ റിഫ്രാക്ടറീസ്, കെൽട്രോൺ

റെക്ടിഫയേഴ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, കേരള സ്റ്റേറ്റ് ഡിറ്റർജെന്റ്സ് ആന്റ് കെമിക്കൽസ്, , കേരള സോപ്സ് ആന്റ് ഓയിൽസ്, ട്രാവൻകൂർ പ്ളൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നിവ പൂട്ടാതെയോ ലോക്കൗട്ട് ചെയ്യാതെയോ പ്രവർത്തനം നിലച്ച അവസ്ഥയിലുമാണ്.

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനസംഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി (ഇ.ആർ.സി.) രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി ഓരോ പൊതുമേഖലാ സ്ഥാപനത്തേയും സംബന്ധിച്ച് പ്രത്യേകമായി പഠനം നടത്തി നിർദ്ദേശങ്ങൽ സമർപ്പിക്കുന്നു. ഈ നിർദ്ദേശങ്ങളിൻമേൽ ആസൂത്രിത ബോർഡിന്റെ ശുപാർശയും കൂടി പരിഗണിച്ച് സർക്കാർ തീരുമാനമെടുക്കുന്നുണ്ട്. .

## <u>സംസ്ഥാനത്ത് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് നടപടി</u>

*711. ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബ്ബർ ഉൽപ്പന്നത്തേയും റബ്ബർ അധിഷ്ഠിത വ്യവസായങ്ങളേയും കുറിച്ച് ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന റബ്ബർ അസംസ്കൃത വസ്തുവായ വ്യവസായങ്ങൾ ബഹുഭൂരിപക്ഷവും അയൽസംസ്ഥാനങ്ങളിലാണ് സ്ഥിതിചെയ്യുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അയൽ സംസ്ഥാനങ്ങളിലേക്കുള്ള അസംസ്കൃത റബ്ബറിന്റെ ഒഴുക്ക് അവസാനിപ്പിക്കാനും റബ്ബർ വ്യവസായങ്ങൾ സംസ്ഥാനത്ത് കൊണ്ടുവരാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തു നിന്ന് എത്രത്തോളം അസംസ്കൃത റബ്ബർ അയൽസംസ്ഥാനങ്ങളിലേക്ക് പോകുന്നതായി കണക്കാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ?

<u>**ഉത്തരം**</u>

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** :

(എ) ഇല്ല്.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്. റബ്ബർ വ്യവസായത്തിന്റെ സമഗ്ര വികസനത്തിനായി ക്ളസ്റ്റർ അടിസ്ഥാനത്തിൽ റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കാൻ പദ്ധതിയുണ്ട്. ഇതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ കേന്ദ്രസർക്കാർ സഹായത്തോടെ റബ്ബർ ക്ളസ്റ്ററുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നുവരുന്നു. റബ്ബറും റബ്ബർ തടിയും ഉപയോഗിച്ച് മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനായി എറണാകുളം ജില്ലയിലെ ഐരാപുരത്ത് റബ്ബർബോർഡും കിൻഫ്രയും സംയുക്തമായി ഒരു റബ്ബർപാർക്ക് സ്ഥാപിച്ചുവരുന്നു. ഇതിന്റെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. വൻകിട/ഇടത്തരം മേഖലയിൽ സംസ്ഥാനത്ത് റബ്ബർ വ്യവസായം കെ.എസ്.ഐ.ഡി.സി. പ്രോൽസാഹിപ്പിക്കുന്നുണ്ട്.

(ഇ) 2002-03-ൽ കേരളത്തിൽ 5,96,800 മെട്രിക്ടൺ റബ്ബർ ഉൽപ്പാദിപ്പിച്ചു. ഇതിൽ കേരളത്തിലെ ഉപയോഗം 1,07,500 മെട്രിക്ടൺ ആയിരുന്നു. കേരളത്തിൽ നിന്നുള്ള വിദേശകയറ്റുമതി 55211 മെട്രിക്ടൺ ആയിരുന്നു. ബാക്കി 4,34,089 മെട്രിക്ടൺ റബ്ബർ അയൽ സംസ്ഥാനങ്ങളിലേക്ക് പോയതായി അനുമാനിക്കുന്നു.

## <u>ജപ്തി ചെയ്യപ്പെട്ട കെ.എസ്.ആർ.ടി.സി ബസ്സുകൾ റിലീസ് ചെയ്യുന്നതിന് നടപടി</u>

*712. ശ്രീ. എം. മുരളി :

ശ്രീ. വി.ഡി. സതീശൻ :

ശ്രീ. എൻ.ഡി. അപ്പച്ചൻ :

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ മുലമുണ്ടാകുന്ന അപകടങ്ങൾ സംബന്ധിച്ച നഷ്ടപരിഹാര കേസ്സുകളുമായി ബന്ധപ്പെട്ട് ജപ്തിചെയ്യുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ യഥാസമയം പണമടച്ച് റിലീസ് ചെയ്ത് വാങ്ങാറുണ്ടോ ;

(ബി) 1-6-2003-ലെ നിലയനുസരിച്ച് ജപ്തി ചെയ്യപ്പെട്ട എത്ര വാഹനങ്ങൾ പണമടച്ച് റിലീസ് ചെയ്യാതിരുന്നിട്ടുണ്ട് ;

(സി) ഈ വാഹനങ്ങൾക്ക് ഒട്ടാകെ എന്തുവില വരുമെന്നും കോടതി ഉത്തരവനുസരിച്ച് ഇവ റിലീസ് ചെയ്യുവാൻ എന്തു തുക അടയ്ക്കണമെന്നും പറയുമോ ;

(ഡി) ജപ്തി ചെയ്യുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉടൻതന്നെ റിലീസ് ചെയ്യുവാനുള്ള നടപടി എടുക്കുമോ ?

**ഉത്തരം**

**ശ്രീ. ആർ. ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി) :**

(എ) ഉണ്ട്. വിധി തുകയിലും വിധി നടത്തിപ്പു തുകയിലും തർക്കമുള്ളവയിൽ കോടതി തീർപ്പ് കൽപ്പിക്കുന്നതനുസരിച്ച് പണം കെട്ടിവച്ച് ബസ്സുകൾ റിലീസ് ചെയ്യാറുണ്ട്.

(ബി) 33 (മുപ്പത്തിമൂന്ന്) വാഹനങ്ങൾ.

(സി) ഒരുകോടി നാല്പത്തിനാലു ലക്ഷം രൂപ വില വരും. ഇവ റിലീസ് ചെയ്യുവാൻ പലിശ സഹിതം ഒന്നേമുക്കാൽകോടി രൂപ അടയ്ക്കേണ്ടിവരും..

(ഡി) വിധി തുകകളിൽ തർക്കവും ചില കേസ്സുകളിൽ അപ്പീലും ഉള്ളതിനാൽ അവയിൻമേൽ കോടതികൾ തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് തുക കെട്ടിവച്ച് ബസ്സുകൾ റിലീസ് ചെയ്യുന്നതാണ് .

## ഗതാഗത മേഖലയിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് നടപടി

*713. ശ്രീ. ടി.കെ. ദേവകുമാർ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗത മേഖലയിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പറയാമോ ;

(ബി) ഇതിനകം എന്തെല്ലാം നടപടികൾ ഇതിനായി സ്വീകരിക്കുകയുണ്ടായി ;

(സി) ഡ്രൈവിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനും റോഡ് അടയാളങ്ങൾ സ്ഥാപിക്കാനും ഡ്രൈവിംഗ് ടെസ്റ്റ് യാർഡുകളുടെ നിർമ്മാണത്തിനും സ്വകാര്യ പങ്കാളിത്തത്തിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) സ്വകാര്യ പങ്കാളിത്തത്തിൽ മറ്റെന്തെല്ലാം പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) മോട്ടോർ വാഹന വകുപ്പിൽ നിന്നുള്ള വരുമാനം ഇത്തരം ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ സ്വകാര്യ പങ്കാളിത്തത്തെ ആശ്രയിക്കുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ആർ. ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി) :**

(എ) &(ബി) 1-1-2004-ൽ നിലവിൽ വരേണ്ട 'ഹൈസെക്യൂരിറ്റി രജിസ്ട്രേഷൻ പ്ളേറ്റുകൾ' നിർമ്മിച്ചു വാഹനങ്ങളിൽ ഘടിപ്പിക്കുന്നതിന് അനുയോജ്യരായ നിർമ്മാതാക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡറുകൾ പരിശോധിച്ചുവരികയാണ്. 'ബിൽഡ്, ഓൺ ആന്റ് ഓപ്പറേറ്റ് ' എന്ന വ്യവസ്ഥയിൽ തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി, മുതൽ മുടക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. കൂടാതെ മോട്ടോർവാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ നൽകി സ്ഥാപിച്ച് പരിപാലനം ചെയ്യുന്നതിനും ആവശ്യമായ മറ്റു സൗകര്യങ്ങൾ ഒരുക്കുന്നതിനും ആന്ധ്രാപ്രദേശിൽ നടപ്പിലാക്കിയിട്ടുള്ള 'ഫാസ്റ്റ്' മാതൃകയിൽ സ്വകാര്യ നിക്ഷേപകരെ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കോഴിക്കോട്, എറണാകുളം, കോട്ടയം, മൂന്നാർ, തമ്പാനൂർ എന്നിവിടങ്ങളിലെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകൾ ബി.ഒ.ടി. അടിസ്ഥാനത്തിൽ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി ) ഇല്ല.

(ഡി) ഡ്രൈവിംഗ് ലൈസൻസുകൾ സ്മാർട്ട് കാർഡ് രൂപത്തിലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ സ്മാർട്ട് ഓപ്റ്റിക്കൽ കാർഡു രൂപത്തിലും നൽകുന്നതിന് സ്വകാര്യനിക്ഷേപം ലഭ്യമാക്കുന്നതിന്റെ നിർദ്ദേശം പരിഗണിച്ചുവരുന്നു.

(ഇ) സെക്യൂരിറ്റി നമ്പർ പ്ളേറ്റുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം സർക്കാരിനില്ലായെന്നതുകൊണ്ട് സാങ്കേതിക പരിജ്ഞാനമുള്ള സ്വകാര്യമേഖലയെ ആശ്രയിക്കേണ്ടിവരുന്നു. കൂടാതെ ഇവ നടപ്പിലാക്കുന്നതിന് ഗണ്യമായ മുതൽമുടക്ക് ആവശ്യമാണ്. സർക്കാരിന്റെ ഭാഗത്തുനിന്നും മുതൽ മുടക്കാതെ സ്വകാര്യമേഖല വഴിയുള്ള നിക്ഷേപം ഉപയോഗിച്ച് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## സ്വകാര്യ മേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

*714. ശ്രീ. രാജു എബ്രഹാം :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. സാജു പോൾ :

ശ്രീ. ടി.പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ തുടങ്ങുവാൻ സഹായിക്കുന്ന ഒരു പുതിയ പദ്ധതിക്ക് രൂപം നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) പ്രഖ്യാപനത്തെത്തുടർന്ന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ;
(സി) പ്രസ്തുത സഹായപദ്ധതി എന്താണെന്ന് വിശദമാക്കാമോ ;
(ഡി) സ്വകാര്യ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്കായി സർക്കാരിൽ നിക്ഷിപ്തമായ ഏതെല്ലാം സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;
(ഇ) ഇത്തരത്തിലുള്ള എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഇതിനകം സ്ഥാപിക്കുകയുണ്ടായി ; അവിടങ്ങളിൽ മൊത്തം എത്ര വ്യവസായ യൂണിറ്റുകൾ നിലവിൽ വന്നിട്ടുണ്ട് ;
(എഫ്) കിൻഫ്രായുടേതുൾപ്പെടെ സർക്കാർ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ സൗകര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി കഴിഞ്ഞിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന വ്യവസായ എസ്റ്റേറ്റുകളെ വ്യവസായ മേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ഏകജാലക സംവിധാന നിയമപ്രകാരം വ്യവസായമേഖലയായി പ്രഖ്യാപിക്കുന്ന എസ്റ്റേറ്റുകളിൽ വരുന്ന വ്യവസായങ്ങൾക്ക് ലൈസൻസ് ക്ളിയറൻസ് ലഭിക്കുന്നതിന് മുൻഗണന ലഭിക്കും. പത്താം പദ്ധതിയിൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്ന സ്വകാര്യ സംരംഭകർക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നുണ്ട്.

(സി) പ്രധാനമായും അടിസ്ഥാന സൗകര്യങ്ങൾക്കായി മുടക്കിയ സ്ഥിരം മൂലധന നിക്ഷേപത്തിന്മേൽ ഒരു നിശ്ചിത ശതമാനം സബ്സിഡി കൊടുക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സർക്കാർ ഭൂമിയിൽ അല്ല ആരംഭിക്കുന്നത്. സ്വകാര്യ ഭൂമിയിൽത്തന്നെ ആയിരിക്കും.

(ഇ) ചങ്ങനാശ്ശേരിയിൽ ഇത്തരത്തിലുള്ള ഒരു വ്യവസായ എസ്റ്റേറ്റിന് അനുമതി നൽകിയിട്ടുണ്ട്. ഇവിടെ വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല .

(എഫ്) സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലേയും കിൻഫ്രയുടെ കീഴിലുള്ള വ്യവസായ പാർക്കുകളിലേയും സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ ഇത്തരം വ്യവസായ എസ്റ്റേറ്റുകൾ, ഭാവിയിൽ തുടങ്ങാനുദ്ദേശിക്കുന്ന വ്യവസായ സംരംഭകർക്ക് നൽകുവാൻ കൂടിയാണ് കാലാകാലങ്ങളിൽ സ്ഥാപിക്കപ്പെടുന്നത്.

**സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ**

*715. ശ്രീ. വി. ചെന്താമരാക്ഷൻ :
ഡോക്ടർ തോമസ് ഐസക് :
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമപരമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഉറപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;
(ബി) ഈ ആനുകൂല്യങ്ങൾ ലംഘിക്കപ്പെടാതെ നടപ്പിലാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;
(സി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകാത്ത ഫാക്ടറി ഉടമകൾ ഉണ്ടെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി) :**

(എ) സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് 1948-ലെ മിനിമം വേതന നിയമം, 1948-ലെ ഫാക്ടറീസ് നിയമം, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ളിഷ്മെന്റ് (നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളിഡേയ്സ്) നിയമം, 1961-ലെ മെറ്റേർണിറ്റി ബനിഫിറ്റ് നിയമം, 1972-ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമം, 1965-ലെ പേയ്മെന്റ് ഓഫ് ബോണസ് നിയമം തുടങ്ങിയ വിവിധ നിയമങ്ങൾ പ്രകാരം ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്. കൂടാതെ പ്രോവിഡന്റ് ഫണ്ട് സ്കീം, ഇ.എസ്.ഐ. സ്കീം, കശുവണ്ടി തൊഴിലാളി ക്ഷേമനിധി നിയമം എന്നിവ പ്രകാരമുള്ള ക്ഷേമാനുകൂല്യങ്ങൾ ലഭിക്കുന്നതിനും അർഹതയുണ്ട്.
(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.
(സി) വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകാത്ത തൊഴിലുടമകൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

.

**ഭക്ഷ്യസംസ്ക്കരണ മേഖലയിൽ പുതിയ സംരംഭങ്ങൾ**

716. ശ്രീ. വി.ഡി സതീശൻ
ശ്രീ എ. സുജനപാൽ
ശ്രീമതി രാധാരാഘവൻ
ശ്രീ. എൻ.ഡി അപ്പച്ചൻ
ശ്രീ ടി.യു. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭക്ഷ്യവസ്തുക്കളുടെ സംസ്ക്കരണത്തിലേർപ്പെട്ടിട്ടുള്ള വ്യവസായങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം പ്രോത്സാഹനങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്;
(ബി) ഈ മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ വ്യവസായ വകുപ്പ് പ്രോജക്ഷൻ റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ;
(സി) സംസ്ഥാനത്ത് എവിടെയെല്ലാം ഭക്ഷ്യസംസ്ക്കരണ വ്യവസായം ഇപ്പോൾ നടത്തപ്പെടുന്നു എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഭക്ഷ്യസംസ്ക്കരണ മേഖലയിലെ വ്യവസായ സംരംഭകർക്ക് നവീന സാങ്കേതിക വിദ്യയും ധനസഹായവും നൽകുവാൻ വേണ്ടി കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച വിവര് അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. ടി പദധതികളുടെ സംസ്ഥാനത്തെ നോഡൽ ഏജൻസിയായി കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം ഓരോ സംരംഭകർക്കും പരമാവധി 50 ലക്ഷം രൂപ വരെ കേന്ദ്ര സർക്കാരിൽനിന്നും ഗ്രാന്റായി ലഭിക്കുന്നതാണ്.
(ബി) ഭക്ഷ്യസംസ്ക്കരണ മേഖലയിൽ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സെബേക്കോ ഇന്ത്യാ ലിമിറ്റഡ് ന്യൂഡൽഹി എന്ന ഏജൻസി മുഖേന വിവിധ പ്രോജക്ട് പ്രൊഫൈലുകൾ തയ്യാറാക്കി വരികയാണ്. പ്രസ്തുത പ്രൊഫൈലുകൾ കരട് രൂപത്തിലായതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.
(സി) കിൻഫ്രയുടെ മലപ്പുറത്ത് കാക്കാഞ്ചേരിയിലുള്ള ഫുഡ് പ്രോസസിംഗ് പാർക്കിലും തിരുവനന്തപുരത്ത് തുമ്പയിലുള്ള ചെറുകിട വ്യവസായ പാർക്കിലും വിവിധ സംരംഭകർ ഭക്ഷ്യസംസ്ക്കരണ വ്യവസായങ്ങൾ നടത്തി വരുന്നു. ഇത് കൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സ്വകാര്യ സംരംഭങ്ങളായി വലുതും ചെറുതുമായ ഭക്ഷ്യസംസ്ക്കരണ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

**കൈത്തറി രംഗത്ത് ഗുണമേൻമയുള്ള വസ്ത്രങ്ങൾ ഉണ്ടാക്കുവാൻ പദ്ധതി**

717. പ്രൊഫ. എ.ഡി. മുസ്തഫ
ശ്രീ. പി.ജെ ജോയി
ശ്രീ ടി.വി. ചന്ദ്രമോഹൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;
(എ) കൈത്തറി രംഗത്ത് ഗുണമേൻമയുള്ള വസ്ത്രങ്ങൾ ഉണ്ടാക്കുവാൻ എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;
(ബി) കൂടുതൽ കൈത്തറി ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുവാൻ എന്തെല്ലാം തയ്യാറെടുപ്പുകൾ നടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;
(സി) ഓരോ സീസണിലും വിദേശ കൈത്തറി മാർക്കറ്റുകളിൽ മാറിമാറിവരുന്ന അഭിരുചിക്കും ഫാഷനുമനുസരിച്ച് കൈത്തറി ഉല്പാദനത്തിൽ വേണ്ട പരിഷ്ക്കരണങ്ങൾ വരുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട് എന്ന് വിശദമാക്കുമോ ?

**ഉത്തരം**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) യും (ബി) യും : ഉന്നത ഗുണമേൻമയുള്ള വസ്ത്രങ്ങൾ ഉല്പാദിപ്പിക്കുന്നതിനും അവ വിപണിയിലെത്തിക്കാനുമായി ദീൻദയാൽ കൈത്തറി വികസന പദ്ധതി ഹാന്റ്ലൂം എക്സ്പോർട്ട് സ്കീ എസ്.ജി.എസ്.വൈ സ്കീം പ്രകാരം സ്പെഷ്യൽ പ്രോജക്ട് തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ ഈ ലക്ഷ്യം മുൻനിർത്തി കേന്ദ്രാവിഷ്കൃത പദ്ധതിയായ ടെക്സ്റ്റൈൽ സെന്റർ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സ്കീം കണ്ണൂരിൽ ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.
(സി) മാറിമാറി വരുന്ന അഭിരുചിയും ഫാഷനുമനുസരിച്ച് കൈത്തറി ഉല്പാദന രംഗത്ത് വേണ്ടതായ പരിഷ്ക്കാരങ്ങൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഫാഷൻ ടെക്നോളജി എന്നീ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട ദീൻ ദൂയാൽ കൈത്തറി വികസന പദ്ധതി ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം എന്നീ കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പാക്കുന്നു.

## സംസ്ഥാന സഹകരണ യൂണിയൻ ഭരണസമിതി തെരെഞ്ഞെടുപ്പ്

718. ശ്രീ. വി.കെ. ചന്ദ്രൻ
ശ്രീ എ.കെ. ബാലൻ
ശ്രീ കോടിയേരി ബാലകൃഷ്ണൻ
ശ്രീ കെ.കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന സഹകരണ യൂണിയൻ ഭരണസമിതി തെരെഞ്ഞെടുപ്പ് എന്ന് നടത്തുമെന്ന് വ്യക്തമാക്കാമോ; തെരെഞ്ഞെടുപ്പ് നടത്താൻ കാലതാമസം നേരിട്ടതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ;

(ബി) നിലവിലുണ്ടായിരുന്നതും ജനാധിപത്യപരമായി തെരെഞ്ഞെടുക്കപ്പെട്ടതുമായ ഭരണസമിതിയെ സർക്കാർ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേഷറ്റീവ് കമ്മീറ്റിയെ ഏറ്റെടുത്തുകയുണ്ടായോ; എങ്കിൽ കാരണമെന്തായിരുന്നു;

(സി) സംസ്ഥാന സഹകരണ യൂണിയന്റെയും സർക്കിൾ സഹകരണ യൂണിയന്റെയും ഘടനയിലോ പ്രവർത്തനത്തിലോ തെരെഞ്ഞെടുപ്പുരീതിയിലോ എന്തെങ്കിലും മാറ്റം വരുത്തുകയുണ്ടായോ ;

(ഡി) എങ്കിൽ മാറ്റങ്ങൾ എന്ത് ഉദ്ദേശ്യത്തോടുകൂടിയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കിൾ സഹകരണ യൂണിയനുകളിൽ എത്രയെണ്ണത്തിന് തെരെഞ്ഞെടുക്കപ്പെട്ട ഭരണസമിതി നിലവിലുണ്ട്?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) സർക്കിൾ സഹകരണ യൂണിയനുകളുടെ തെരെഞ്ഞെടുപ്പുനടത്തി യൂണിയനുകൾ രൂപീകരിച്ച് സർക്കാർ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷമേ സംസ്ഥാന സഹകരണ യൂണിയന്റെ ഭരണ സമിതിയിലേക്കുള്ള തെരെഞ്ഞെടുപ്പ് നടത്താൻ കഴിയുകയുള്ളു. തെരെഞ്ഞെടുപ്പിൽ ആശയക്കുഴപ്പത്തിനും തർക്കത്തിനും ഇടയാക്കുന്ന 1969-ലെ കേരള സഹകരണ സംഘം ചട്ടം 128(1) നുള്ള ഭേദഗതി നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ കരട് വിജ്ഞാപനം 21.3.2003 ൽ 1320/ബി/2002/സഹ. നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി) നിലവിലുണ്ടായിരുന്ന ഭരണസമിതിയെ പിരിച്ചുവിടുകയുണ്ടായില്ല. നിലവിലുണ്ടായിരുന്ന ഭരണസമിതിയ്ക്ക് ക്വോറം നഷ്ടപ്പെട്ടതിനാൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുകയുണ്ടായത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചിറയിൻകീഴ്, ചേർത്തല എന്നീ രണ്ടു സർക്കിൾ സഹകരണ യൂണിയനുകളിൽ തെരെഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ നിലവിലുണ്ട്.

## കൈത്തറി വികസനത്തിന് ഗവേഷണം

719. ശ്രീ. ലൂഡി ലൂയിസ്
ശ്രീ ടി.എൻ. പ്രതാപൻ
ശ്രീ കെ. അച്ചുതൻ
ശ്രീ ടി.വി. ചന്ദ്രമോഹൻ
ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ കൈത്തറി രംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ഗവേഷണങ്ങൾ നടത്തുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മെച്ചപ്പെട്ട ഉൽപ്പന്നങ്ങളുണ്ടാക്കുക ആകർഷകമായ ഡിസൈൻ നിർമ്മിക്കുക, കൈത്തറി വസ്ത്രങ്ങളുടെ കലണ്ടറിംഗിലും പ്രിന്റിംഗിലും നൂതന പ്രവണതകൾ ആവിഷ്ക്കരിക്കുക മുതലായ കാര്യങ്ങൾക്ക് ഇന്നുള്ള ഏർപ്പാണെന്തെല്ലാമാണ്;

(സി) ഇതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) എങ്കിൽ അത് എന്നത്തേക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) തുണികൾ ചായം മുക്കാനുള്ള പ്രക,തിദത്തമായ ഡൈവികസിപ്പിച്ചെടുക്കുന്നതിനും അതു കൈത്തറി വ്യവസായത്തിന് പ്രയോജനപ്പെടുത്തുന്നതിനും സഹായകരമായ ഒരു പദ്ധതി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വീവിംഗ്, ഡൈയിംഗ്, ഡിസൈൻ ഡവലപ്മെന്റ് എന്നീരംഗങ്ങളിൽ ഉണ്ടായിട്ടുള്ള ഗവേഷണ ഫലങ്ങൾ നെയ്ത്തുകാർക്കിടയിൽ പ്രചരിപ്പിക്കുന്നതിന് കേന്ദ്ര സ്ഥാപനമായ കണ്ണൂരിലെ വീവേഴ്സ് സർവീസ് സെന്ററിന്റെയും ടെക്സ്റ്റയിൽ കമ്മിറ്റിയുടെയും സേവനം പ്രയോജനപ്പെടുത്തുന്നു. കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്ന ടെക്സ്റ്റയിൽ സെന്റർ ഇൻഫ്രാസ്ട്രെക്ചർ ഡവലപ്മെന്റ് സ്കീമിൽ ഗവേഷണങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) യും (സി) യും (ഡി) യും : പ്രിന്റിംഗ്, കലണ്ടറിംഗ് തുടങ്ങിയ പ്രീലൂം പ്രോസസിംഗ് അയൽ സംസ്ഥാനങ്ങളിലെ സൗകര്യങ്ങളെ ആശ്രയിച്ചാണ് നടത്തിവരുന്നത്. എന്നാൽ ആകർഷണീയമായ ഡിസൈനുകളിൽ മെച്ചപ്പെട്ട ഉല്പ്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, വീവേഴ്സ് സർവീസ് സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റയിൽ ടെക്നോളജി, കണ്ണൂർ എന്നീസ്ഥാപനങ്ങളുടെ സേവനം വിവിധ പദ്ധതികളിലൊയി ഇപ്പോൾ പ്രയോജനപ്പെടുത്തി തുടങ്ങിയിട്ടുണ്ട്.

## ക്ഷേമനിധി പെൻഷനുകൾ കാലോചിതമായി പരിഷ്ക്കരിക്കുവാൻ നടപടി

720. ശ്രീ. കെ.വി. കുഞ്ഞിരാമൻ
ശ്രീ ടി.പി. രാമകൃഷ്ണൻ
ശ്രീ.പി. ജയരാജൻ
ശ്രീ കെ. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

കർഷകത്തൊഴിലാളികൾ കശുവണ്ടിത്തൊഴിലാളികൾ,ചുമട്ടുതൊഴിലാളികൾ തുടങ്ങിയവരുടെ ജീവിതഭാരം വർദ്ധിച്ചിരിക്കുന്നതിനാൽ പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും മറ്റ് ആനുകൂല്യങ്ങൾ ഏർപ്പെടുത്തുന്നതിനും സർക്കാർ ഉദ്ധേശിക്കുന്നുണ്ടൊ;

(ബി) ഇപ്പോഴത്തെ പെൻഷൻ നിരക്ക് തീരുമാനിച്ചത് ഏത് വർഷത്തിലാണ്;

(സി) പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കുന്നതും പുതിയ ആനുകൂല്യങ്ങൾ നൽകുന്നതും സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ വെളിപ്പെടുത്തുമോ?

**ഉത്തരം**
**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി)**

(എ) ഈ വിഭാഗം തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ മോശമായ സാമ്പത്തിക സ്ഥിതി കാരണം മറ്റ് ആനുകൂല്യങ്ങൾ ഇപ്പോൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

(ബി) കർഷക തൊഴിലാളി പെൻഷൻ 1.4.2000 മുതലും കശുവണ്ടിതൊഴിലാളി പെൻഷൻ 1-3-1996 മുതലും സ്റ്റാഫ് പെൻഷൻ 1-7-1992 മുതലും ചുമട്ടുതൊഴിലാളികൾക്കുള്ള സൂപ്പറാന്യുവേഷൻ, ഫാമിലി പെൻഷൻ എന്നിവ 1-2-2003 മുതലും തീരുമാനിച്ചു

(ഡി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

## പ്രൈവറ്റ് ബസുകളുടെ ഓവർലാപ്പിംഗ്

721. ശ്രീ. ഡി. സുഗതൻ
ശ്രീ ടി.എച്ച്. മുസ്തഫ
ശ്രീ എ.കെ. മണി
ശ്രീ ഡൊമിനിക് പ്രസന്റേഷൻ
ശ്രീ പ്രയാർ ഗോപാലകൃഷ്ണൻ : : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കെ.എസ്. ആർ.ടി.സി ബസ്സുകൾ ഓപ്പറേറ്റുചെയ്യുന്ന റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകളുടെ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട്;

(സി) ആയത് കെ.എസ്.ആർ.ടി.സിയെ ഏതുവിധത്തിലാണ് ബാധിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ?

**ഉത്തരം**
**ശ്രീ. ആർ. ബാലകൃഷ്ണപിള്ള (ഗതാഗതവകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ദേശസാൽക്കരണ പദ്ധതികളുടെ വ്യവസ്ഥകൾ പരവിധത്തിലുണ്ട്. പ്രൈവറ്റ്മേഖലയെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടും, ഭാഗീകമായ ഒഴിവാക്കിക്കൊണ്ടും നിലവിൽ ഉള്ള സ്വകാര്യ സർവീസുകൾക്ക് പൂരകമായി സപ്ളിമെന്റേഷൻ പദ്ധതി നന്നിവ ഇതിൽപ്പെടുന്നു. ഓരോറൂട്ടിന്റെയും ദേശസാൽക്കരണ പദ്ധതിയുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഓവർലാപ്പിംഗ് അനുവദനീയമാണോ അല്ലയോ എന്ന് നിശ്ചയിക്കുന്നത്.

(സി) ഓരോ റൂട്ടിന്റെയും ദേശസാൽക്കരണ പദ്ധതിയുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുളള ഓവർ ലാപ്പിംഗ്മൂലം കെ.എസ്.ആർ.ടി.സിയുടെ വരുമാനത്തിൽ 25% കുറവ് അനുഭവപ്പെടുന്നുണ്ട്.

**<u>ലോകവാണിജ്യ കരാർ കൈത്തറിമേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി</u>**

722. ശ്രീമതി മേഴസി രവി
ശ്രീ.ടി.യു. രാധാകൃഷ്ണൻ : : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഡബ്ള്യൂ.ടി.ഒ. കരാറനുസരിച്ച് കൈത്തറിയ്ക്ക് ടെക്സ്റ്റൈൽ രംഗത്തുളള പ്രത്യേക പരിഗണനയും പരിവേഷവും 2004 ൽ അവസാനിക്കുമോ;

(ബി) എങ്കിൽ ആ സാഹചര്യത്തെ മറികടക്കുന്നതിന് ഏതെല്ലാം വിധത്തിൽ കൈത്തറിയെ സജ്ജമാക്കാൻ ഉദ്ദേശിക്കുന്നു ;

(സി) സംസ്ഥാനത്ത് നിന്നുളള കൈത്തറിയുടെ കയറ്റുമതി വർദ്ധിപ്പിക്കുവാൻ എന്തെല്ലാം തന്ത്രങ്ങൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ ?

**ഉത്തരം**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഡബ്ള്യൂ.ടി.ഒ. കരാറനുസരിച്ച് 2004 ഡിസംബറിനുശേഷം ക്വോട്ടാ നിയന്ത്രണം ആഗോളാടിസ്ഥാനത്തിൽ ഇല്ലാതാവുകയാണ്.

(ബി) ഉല്പാദന രംഗം നവീകരിച്ച് ആകർഷണീയവും മൂല്യവർദ്ധനവ് വരുത്തിയതുമായ തനത് കൈത്തറി വസ്ത്രങ്ങൾ നിർമ്മിച്ചെടുക്കുന്നതിനുളള പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുവഴി കയറ്റുമതി കൂടുതൽ നടത്താൻ സാധിക്കണം.

(സി) കയറ്റുമതിയ്ക്കാവശ്യമായ ആകർഷണീയവും മൂല്യവർദ്ധനവ് വരുത്തിയതുമായ കൈത്തറി വസ്ത്രങ്ങളുടെ ഉല്പാദനം ലക്ഷ്യമാക്കിയാണ് പ്രധാനപ്പെട്ട എല്ലാകേന്ദ്ര സംസ്ഥാന പദ്ധതികളും നടപ്പാക്കുന്നത്.

**<u>ഐ.ടി. വ്യവസായത്തിൽ ഏർപ്പെട്ടിട്ടുളള രാജ്യാന്തര കമ്പനികൾ</u>**

723. ശ്രീ. വി. ജെ. പൗലോസ്
ശ്രീ എൻ. ശക്തൻ
ശ്രീ.പി.ജെ ജോയി
ശ്രീ എം.കെ. പോൾസൺ മാസ്റ്റർ
ശ്രീ എം.എ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഐ.ടി. വ്യവസായത്തിൽ എത്ര രാജ്യാന്തര കമ്പനികൾ ഏർപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കമ്പനികളുടെ നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനികൾക്ക് എത്ര പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലേക്ക് കൂടുതൽ വിദേശികളെയും ഫോറിൻ ഡിറക്ട് ഇൻവെസ്റ്റ്മെന്റിനേയും ആകർഷിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ടെന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്ത ഐ.ടി വ്യവസായത്തിൽ ടെക്നോപാർക്കിൽ 26 രാജ്യാന്തര കമ്പനികൾ ഏർപ്പെട്ടിട്ടുണ്ട്.

(ബി) ഏകദേശം 65 കോടിയിൽപ്പരം രൂപ

(സി) ഇ ൂ കമ്പനികളിൽ ഏകദേശം 2200 പേർ തൊഴിൽ ചെയ്യുന്നുണ്ട്.

(ഡി) സംസ്താനത്തെ വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും വിദേശനിക്ഷേപകരെ ആകർഷിക്കുതിനുമായി ഈ സർക്കാർ പ്രഖ്യാപിച്ച വ്യവസായ നയം, ഐ.ടി നയം തൊഴിൽ നയം ഇവയെല്ലാം നടപ്പാക്കിവരുന്നു.. പുതിയ ഐ.ടി നയത്തിന്റെ ഭാഗമായി കേരളത്തെ ഏറ്റവും മികച്ച ഐ.ടി കേന്ദ്രമാക്കുകയും ടെക്നോപാർക്കിൽ കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുകയും നിലവിലുളളവ കൂടുതൽ മെച്ചപ്പെടുത്താനും മറ്റുമുളള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഴക്കൂട്ടം-കോവളം ബൈപാസ് റോഡ്-ഐ.ടി. കോറിഡോർ ആയി മാറ്റുന്നതിന്റെ ഭാഗമായി ടെക്നോപാർക്ക് വികസിപ്പിക്കുവാനും വിപുലീകരിക്കുവാനും പദ്ധതികൾ ഉണ്ട്. കൂടുതല വ്യവസായികളെ ഇവിടേയ്ക്ക് ആകർഷിക്കുന്നതിനായി അന്തർദേശീയ നിലവാരത്തിലുള്ള കെട്ടിട സമുച്ചയങ്ങൾ ഉന്നത നിലവാരത്തിലുളള അടിസ്ഥാനസൗകര്യങ്ങൾ മികച്ച ജലം-വൈദ്യുതി ഇവയുടെ സുഗമമായ ലഭ്യത ഡേറ്റാ കണക്റ്റിവിറ്റി, ബിസിനസ് ഇൻക്യുബേഷൻ, സോഫ്റ്റ്വെയർ കോംപീറ്റൻസി സെന്റർ വിവിധ ബാങ്കുകളുടെ എ.റ്റി.എം. സൗകര്യങ്ങൾ യൂണിവേഴ്സിറ്റി-ഇൻഡസ്ട്രി യോജിച്ചുള്ള പ്രവർത്തനങ്ങൾ, കൂടാതെ റിസോർസ് സെന്റർ, ക്ലബ് ഹൗസ്, ഹെൽത്ത് ക്ലബ്, ടെക്നോപാർക്ക് എക്സ്പ്രസ് (ഇന്റേണൽ മിനി ബസ് സർവീസ്) ഇവയെല്ലാം ടെക്നോപാർക്കിൽ സജ്ജമാക്കിയിരിക്കുന്നു.

കൂടാതെ കിൻഫ്രയുടെ കീഴിൽ എറണാകുളത്ത് കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ വിദേശ നിക്ഷേപം ആകർഷലക്ിക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്

1. 100 ഏക്കർ വിസ്തൃതിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഐ.ടി പാർക്ക് കിൻഫ്രാ എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥാപിക്കുതന്നതിനായിട്ടുളള പ്രരംഭ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുവരുന്നു. ഏതാണ്ട് 20 കോടി രൂപ ചെലവിൽ പാർക്കിനകത്ത് റോഡുകൾ, അണ്ടർ ഗ്രൗണ്ട് കേബിളുകൾ വഴിയുളള ഇലക്ട്രിക്കൽ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം, വേസ്റ്റ് വാട്ടർമാനേജ്മെന്റ് സിസ്റ്റം, വിനോദത്തിനും വിജ്ഞാനത്തിനും ഉതകുന്ന കെട്ടിട സമുച്ചയങ്ങൾ എന്നിവ നിർമ്മിക്കാൻ തീരാമനമായിട്ടുണ്ട്. 2 ലക്ഷം ചതുരശ്ര അടിയുളള ഒരു ഐ.ടി. കോംപ്ളെക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഒരു കൊല്ലത്തിനകം ഇതിന്റെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. അമേരിക്ക തുടങ്ങിയ രാജ്യങ്ങളുമായ അതിവേഗ വാർത്താവിനിമയ സൗകര്യമൊരുക്കുവാൻ തക്കരീതിയിലുള്ള ഹൈബാന്റ് കണക്ടിവിറ്റി ഈ പാർക്കിൽ ലഭ്യമാണ്. ഐ.ടി. കമ്പനികൾക്ക് തടസ്സമില്ലാതെ വൈദ്യുതി ലഭിക്കാനായി ഈ പാർക്കിൽ ഒരു സബ്സ്റ്റേഷൻ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഏതെങ്കിലും കാരണവശാൽ ഉണ്ടാകാവുന്ന തടസ്സങ്ങൾ നേരിടാനായി ജനറേറ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.
2. 10 കോടി രൂപ മുതല മുടക്കി ഒരു പുതിയ അപ്റോച്ച്റോഡ് നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഏതാണ്ട് 3 കോടിയോളം രൂപ മുതൽമുടക്കി ഈ അപ്രോച്ച് റോഡിന്റെ ഒരു ഭാഗം ഗവൺമെന്റ് കമ്പനിയായ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ നിർമ്മിച്ചുകഴിഞ്ഞു.
3. ഇപ്പോഴത്തെ പാർക്കിന്റെ സ്ഥല പരിമിതി പരിഗണിച്ച് കൂടുതൽ സ്ഥലം അക്വയർ ചെയ്ത് പാർക്ക് വിപുലീകരിക്കാനും പദ്ധതിയിട്ടിട്ടുണ്ട്.

ഐ.ടി. ഇനേബിൾഡ് സർവീസസിന് ഉദ്യോഗാർത്ഥികൾക്കാവശ്യമായ പരിശീലനം നൽകാൻ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിൽ സർക്കാർ ചെലവിൽ പരിശീലനകേന്ദ്രങ്ങൾ നടത്തുക, വിദേശത്തും ഭാരതത്തിലെ പ്രധാനനഗരങ്ങളിലും നിക്ഷേപകർക്കായി റോഡ് ഷോ നടത്തുവാനും പദ്ധതിയുണ്ട്. വിവിധ എക്സിബിഷനുകളിൽ പങ്കെടുക്കുവാൻ നിക്ഷേപകരെ നേരിൽ കണ്ട് സംസ്ഥാനത്തിന്റെ സാദ്ധ്യതകൾ പറഞ്ഞുകൊടുക്കുവാനും പദ്ധതിയുണ്ട്. കൂടാതെ ആവശ്യമായ രീതിയിൽ പത്രമാധ്യമങ്ങളിലും മറ്റ് പ്രസിദ്ധീകരണ്ങ്ങളിലും വാർത്തകളും പരസ്യങ്ങളും നൽകുവാനും പരിപാടിയുണ്ട്.

## കൂടുതൽ നീതി സ്റ്റോറുകൾ ജില്ലകളിൽ ആരംഭിക്കാൻ നടപടി

724. ശ്രീ. എ.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി രൂപീകരിച്ച സഹകരണ നീതിസ്റ്റോറുകളിലും ഉപഭോക്താക്കൾക്ക് ആവശ്യമുള്ള പല വ്യഞ്ജനങ്ങളും ജീവൻ രക്ഷാ മരുന്നുകളും ലഭ്യമല്ല് എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടൊ;

(ബി) എങ്കിൽ ഇതു പരിഹാരിക്കാൻ നീതി മെഡിക്കൽ സ്റ്റോറിനും നീതി സ്റ്റോറുകൾക്കും കൂടുതൽ തുക അനുവദിക്കുന്നതിന് തയ്യാറാവുമോ; നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന മാനേജീരിയൽ സബ്സിഡി വർദ്ധിപ്പിച്ച് കൂടുതൽ നീതി സ്റ്റോറുകൾ ജില്ലകളിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നീതിസ്റ്റോറിനും നീതി മെഡിക്കൽ സ്റ്റോറിനും നൽകിവരുന്ന ധനസഹായത്തിന് പരിധി നിശ്ചയിച്ചിട്ടില്ല. മരുന്നുകൾ ലഭിക്കുവാനായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) സംഘങ്ങളുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിഹരിക്കുന്നതാണ്.

**പ്രൈവറ്റ് ബസ്സുകളുടെ പ്രവർത്തനരീതിയെപ്പറ്റിയുള്ള പഠനം**

725 ശ്രീ ജോർജ്ജ് .ജെ.മാത്യു :

ശ്രീ. കെ.ബാബു :

ശ്രീ. എം.കെ. പോൾസൺമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റു നൽകിയിട്ടുണ്ട് ;

(ബി) പ്രൈവറ്റ് ബസ്സുകളുടെ പ്രവർത്തനരീതിയെപ്പറ്റി ഗവൺമെന്റ് പഠിച്ചിട്ടുണ്ടോ ;

(സി) അവ ലാഭത്തിലാണോ നഷ്ടത്തിലാണോ സർവ്വീസ് നടത്തുന്നത് ?

**ഉത്തരം**

**ശ്രീ. ആർ.ബാലകൃഷ്ണപ്പിള്ള (ഗതാഗത വകുപ്പുമന്ത്രി ) :**

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പ്രൈവറ്റ് ബസ്സുകളുടെ പ്രവർത്തനരീതിയെപ്പറ്റി പ്രത്യേകിച്ച് പഠനം നടത്തിയിട്ടില്ല.

(സി) ഇത് സംബന്ധിച്ചുള്ള സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ല. അതു കൊണ്ട് അവ ലാഭത്തിലാണോ നഷ്ടത്തിലാണോ സർവീസ് നടത്തുന്നത് എന്ന് വിലയിരുത്താൻ നിർവ്വാഹമില്ല.

**കൈത്തറി ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് നടപടി**

726 ശ്രീ. എം.വി.ജയരാജൻ :

ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ :

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിപണിയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തും വിധം കേരളത്തിൽനിന്നും കൈത്തറി ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന വെളിപ്പെടുത്തുമോ ; വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ ഉൽപന്നങ്ങളെ ക്രമവൽക്കരിക്കാൻ സാധിച്ചിട്ടുണ്ടോ ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കേരളത്തിൽ നിന്നുള്ളവ എന്ന നിലയിൽ വിദേശത്തേക്ക് കയറ്റുമതി ചെയ്തുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേരളത്തിൽനിന്നുള്ള കൈത്തറി ഉൽപാദനവും കയറ്റുമതിയും തമ്മിലുള്ള കണക്കിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) കേരളത്തിലെ കൈത്തറി എന്ന വ്യാജേന മറ്റ് സംസ്ഥാനങ്ങളിൽനിന്നും കയറ്റുമതി നടത്തുന്നത് അവസാനിപ്പിക്കാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) വിപണിയുടെ സാദ്ധ്യതകൾ വിലയിരുത്തി ഉത്പാദനരംഗത്ത് മാറ്റം വരുത്തുന്നതിനും അതിനു സഹായകരമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

ദേശീയതലത്തിൽ അറിയപ്പെടുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ തുടങ്ങിയ ഏജൻസികളുടെ സഹകരണത്തോടെ വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി ഉൽപന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും അവ അന്തർദേശീയ വസ്ത്ര മേളകളിൽ പ്രദർശിപ്പിച്ച് വിപണി കണ്ടെത്തുന്നതിനും സഹായകരമായ ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം കേന്ദ്രസഹായത്തോടെ നടപ്പാക്കുന്നു. മാറുന്ന അഭിരുചിക്കനുസൃതമായി ആകർഷണീയമായ വസ്ത്രങ്ങൾ ഉൽപാദിപ്പിച്ചെടുക്കുന്നതിന് ഡിസൈൻ, ഡൈയിംഗ്, പ്രിന്റിംഗ് തുടങ്ങിയ രംഗങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഒരു പദ്ധതി കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്നതിനുള്ള പ്രോജക്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ദീൻ ദയാൽ കൈത്തറി വികസന പദ്ധതിയുടെ ഭാഗമായി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനത്തിന്റെ

സഹായത്തോടെ വിദേശ ആഭ്യന്തര വിപണിക്ക് ആവശ്യമായ കൈത്തറി തുണി വികസിപ്പിച്ചെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു

(ബി) ഇല്ല.

(സി) കൈത്തറി വസ്ത്രങ്ങളുടെ കണക്കിൽ യന്ത്രത്തറി വസ്ത്രങ്ങൾ കൂടി ഉൾപ്പെടുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) (ബി) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

**കപ്പലുകൾ വാർഫിനോട് ചേർത്ത് നങ്കൂരമിടുന്നതിനുള്ള സൗകര്യം**

727 ശ്രീ. കെ.സി.വേണുഗോപാൽ :
ശ്രീ. പി.ടി.തോമസ് :
ശ്രീമതി. മാലേത്ത് സരളാദേവി :
ശ്രീ. എ.പി.അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഏതെല്ലാം ചെറുകിട തുറമുഖങ്ങളിൽ കപ്പലുകൾ വാർഫിനോട് ചേർത്ത് നങ്കൂരമിടുന്നതിനുള്ള സൗകര്യമുണ്ട് ;

(ബി) ഇത്തരം സൗകര്യമില്ലാത്ത തുറമുഖങ്ങളിൽ ഇതിനുള്ള സൗകര്യം ഉണ്ടാക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(സി) ടൂറിസ്റ്റുകളേയും വഹിച്ചുകൊണ്ടുവരുന്ന കപ്പലുകൾക്ക് ഇത്തരം തുറമുഖങ്ങളിൽ എത്തണമെങ്കിൽ അവ വാർഫിനോട് ചേർത്ത് അടുപ്പിക്കുവാൻ വേണ്ട സൗകര്യം ആവശ്യമാണോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എം.വി.രാഘവൻ ( സഹകരണവും തുറമുഖവും വകുപ്പുമന്ത്രി ) :**

(എ) ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം എന്നീ ചെറുകിട തുറമുഖങ്ങളിൽ കപ്പലുകൾക്ക് വാർഫിനോട് ചേർത്ത് നങ്കൂരമിടുന്നതിനുള്ള സൗകര്യമുണ്ട്.

(ബി) വികസന സാദ്ധ്യതയുള്ള തുറമുഖങ്ങളിൽ ഇതിനുള്ള സൗകര്യം ഉണ്ടാക്കുവാൻ ഉദ്ദേശമുണ്ട്.

(സി) ടൂറിസ്റ്റുകളേയും വഹിച്ചുകൊണ്ടുവരുന്ന കപ്പലുകൾക്ക് ഇത്തരം സൗകര്യം നിർബന്ധമില്ല.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

728 ശ്രീ. എം.കുമാരൻ :
ശ്രീ ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ അവസാനമായി ശമ്പള പരിഷ്കരണം നടത്തിയത് എന്നാണ് ;

(ബി) എത്ര കോടി രൂപയുടെ അധിക ആനുകൂല്യങ്ങളാണ് ഈ സമയത്ത് ജീവനക്കാർക്ക് ലഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ മരവിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ഡി) പെൻഷൻകാരുടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ മരവിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ആർ.ബാലകൃഷ്ണപ്പിള്ള (ഗതാഗത വകുപ്പുമന്ത്രി ) :**

(എ) 1.3.1997 മുതൽ പ്രാബല്യത്തോടെ 13.4.1999-ലാണ് കെ.എസ്.ആർ.ടി.സി.യിൽ അവസാനമായി ശമ്പള പരിഷ്കരണം നടത്തിയത്

(ബി) പ്രതിമാസം 4.35 കോടി രൂപയുടെ അധികം ആനുകൂല്യങ്ങളാണ് ഇതുമൂലം ജീവനക്കാർക്ക് ലഭിച്ചത്.

(സി) ഇല്ല.

(ഡി) പെൻഷൻകാരുടെ ആനുകൂല്യങ്ങൾ ഒന്നും തന്നെ മരവിപ്പിച്ചിട്ടില്ല.

**ഭരണനവീകരണം തൊഴിൽ മേഖലയിൽ**

729 ശ്രീ കെ.പി.സതീശ് ചന്ദ്രൻ :
ശ്രീ എം.വി.ജയരാജൻ :

ശ്രീ. ടി.കെ.ബാലൻ :
ശ്രീ. പി.സി.ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണനവീകരണത്തിനുള്ള സർക്കാർ പരിപാടിയിൽ തൊഴിൽ മേഖലയിൽ എന്തെല്ലാം നവീകരണങ്ങളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) കേരളത്തിന്റെ തൊഴിൽ മേഖലയിൽ നിലവിലുള്ള സ്ഥിതിയിൽ എന്തെല്ലാം മാറ്റങ്ങൾ ആവശ്യമായിരിക്കുന്നതായി സർക്കാർ കരുതുന്നു ;

(സി) തൊഴിലാളികൾക്ക് ദ്രോഹകരവും വിദേശ മാർഗ്ഗ നിർദ്ദേശങ്ങളോടും കൂടിയ നവീകരണ നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പ് പരിശോധിക്കുകയുണ്ടായോ ;

(ഡി) തൊഴിൽ രംഗത്ത് വരുത്തേണ്ടുന്ന നവീകരണം സംബന്ധിച്ച് തൊഴിൽ മേഖലയിലുള്ളവരുമായി വല്ല ചർച്ചയും നടത്തിയിട്ടുണ്ടോ ;

(ഇ) നിലവിലുള്ള തൊഴിൽ നിയമങ്ങൾ സമഗ്രമായി ഭേദഗതി ചെയ്യാൻ ഭരണ നവീകരണ കരാറിൽ വ്യവസ്ഥയുണ്ടോ ?

**<u>ഉത്തരം</u>**

**ശ്രീ. ബാബു ദിവാകരൻ ( തൊഴിൽ വകുപ്പുമന്ത്രി ) :**

(എ) ഭരണനവീകരണത്തിനുള്ള സർക്കാർ പരിപാടികളിൽ തൊഴിൽ മേഖലയെ സംബന്ധിച്ച കാര്യങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ചർച്ചകൾക്ക് ശേഷം മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളു.

(ബി) തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുക, തൊഴിൽ പ്രശ്നങ്ങൾ സമയബന്ധിതമായും ഫലവത്തായും പരിഹരിക്കുന്നതിന് ഇപ്പോഴുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, തൊഴിലാളി - തൊഴിലുടമ ബന്ധം കൂടുതൽ ആരോഗ്യകരമാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത് .

(സി) തൊഴിലാളികൾക്ക് ദ്രോഹകരമായ നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പിന്റെ പരിഗണനയിലില്ല.

(ഡി) തൊഴിൽ മേഖലയിലെ നവീകരണപദ്ധതികളെ സംബന്ധിച്ച് അവസാന തീരുമാനം എടുക്കുന്നതിന് മുൻപായി തൊഴിൽ മേഖലയിലുളലവരുമായി സർക്കാർ തലത്തിൽ ചർച്ച നടത്തുന്നതാണ്.

(ഇ) ഇല്ല.

## <u>പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ തുറക്കാൻ നടപടി</u>

628 ശ്രീ. എ.സുജനപാൽ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ജോർജ്ജ് .ജെ.മാത്യു :
ശ്രീ. പി.ടി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വൻകിട, ഇടത്തരം വ്യവസായശാലകൾ പൂട്ടിക്കിടപ്പുണ്ട് ;

(ബി) ഇവ പൂട്ടിയതിനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണ് ;

(സി) ഇവ തുറക്കുന്നതിനുവേണ്ടി ഗവണ്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ;

(ഡി) ഇവ പൂട്ടിക്കിടക്കുന്നതുമൂലം എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണടെന്ന് അറിയിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി ) :**

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 5 പൊതുമേഖലാ സ്ഥാപനങ്ങളാണ് പൂട്ടിക്കിടക്കുന്നത്. കൂടാതെ ട്രിവേന്ഡ്രം സ്പിന്നിംഗ് മിൽസ് ഇപ്പോൾ ലേ ഓഫിലാണ്.

പൂട്ടാതെയോ ലോക്കൗട്ട് ചെയ്യാതെയോ പ്രവർത്തനം നിലച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 6 ആണ്.

കെ.എസ്.ഐ. ഡി.സിയുടെ പരിധിയിലുള്ള 64 സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടപ്പുണ്ട്.

(ബി) നഷ്ടത്തിലുള്ള പ്രവർത്തനം, പ്രവർത്തന മൂലധനത്തിനുള്ള അപര്യാപ്തത, ബി.ഐ.എഫ്.ആർ-ന്റെ നിർദ്ദേശം എന്നീ കാരണങ്ങൾ കൊണ്ടാണ് മേല്പറഞ്ഞ സ്ഥാപനങ്ങൾ പ്രവർത്തിക്കാതായത്.

കൂടാതെ കെ.എസ്.ഐ.ഡി.സിയുടെ പരിധിയിലുള്ള സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയതിനുള്ള കാരണങ്ങൾ അനുബന്ധത്തിൽ പ്രത്യേകം പ്രത്യേകമായി നൽകിയിട്ടുണ്ട്.

(സി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിക്കുന്ന ശുപാർശകളെ അടിസ്ഥാനമാക്കിയാണ് കംപനികളുടെ പുനരുദ്ധാരണത്തിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. കൂടാതെ സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെയുള്ള പുനരുദ്ധാരണവും സർക്കാർ പരിശോധിച്ചുവരികയാണ്.

കെ.എസ്.ഐ.ഡി.സിയുടെ പരിധിയിലുള്ള സ്വകാര്യ സ്ഥാപനങ്ങൾ തുറക്കുന്നതിന് വേണ്ടി എടുത്തിട്ടുള്ള നടപടികൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

(ഡി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ വി.ആർ.എസ്. നൽകിയിട്ടുള്ള സ്ഥാപനങ്ങൾ ഒഴികെയുള്ളവയിൽ തൊഴിൽ നഷ്ടപ്പെട്ടിട്ടുള്ളവരുടെ എണ്ണം 1311 ആണ്. കെ.എസ്.ഐ.ഡി.സിയുടെ പരിധിയിലുള്ള പൂട്ടിക്കിടക്കുന്ന വ്യവസായശാലകലിലെല്ലാം കൂടി 6504 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

## റോഡപകടങ്ങൾ ലഘൂകരിക്കുന്നതിന് നടപടി

626. ശ്രീമതി. ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വി.ചെന്താമരാക്ഷൻ :
ശ്രീ. വി.കെ.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന റോഡപകടം സംബന്ധിച്ചും റോഡ് സുരക്ഷിതത്വമാർഗ്ഗങ്ങൾ സംബന്ധിച്ചും പഠനം നടത്തുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) നാറ്റ്പാക്ക് നടത്തിയ സാദ്ധ്യതാപഠനങ്ങളുടെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്യപ്പെട്ട പദ്ധതികൾ ഏതൊക്കെയാണ് ; ഇവ നടപ്പാക്കാനുദ്ദേശമുണ്ടോ ;

(സി) റോഡപകടങ്ങളെ തുടർന്ന് നിയോഗിക്കപ്പെട്ട അന്വേഷണക്കമ്മീഷനുകളുടെ അടിസ്ഥാനത്തിൽ റോഡപകടങ്ങൾ ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ?

**ഉത്തരം**

**ശ്രീ. ആർ.ബാലകൃഷ്ണപ്പിള്ള (ഗതാഗത വകുപ്പുമന്ത്രി ) :**

(എ) സംസ്ഥാനത്ത് രൂപീകരിക്കാനുദ്ദേശിക്കുന്ന റോഡ് സുരക്ഷാ അതോറിറിറ്റി ബില്ലിന്റെ കരടിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വരുന്ന റോഡ് സുരക്ഷാ അതോറിറ്റിയാണ് റോഡപകടങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ നടത്തിക്കുന്നതും പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതും.

(ബി) നാറ്റ്പാക്ക് നടത്തിയ സാദ്ധ്യതാപഠനങ്ങളുടെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്യപ്പെട്ട പദ്ധതികൾ ഒന്നും തന്നെ ഗതാഗത വകുപ്പിൽ ഇല്ല. എന്നാൽ മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളുടെ നവീകരണത്തെ സംബന്ധിച്ച സാധ്യതാപഠനം നാറ്റ്പാക്ക് നടത്തുന്നുണ്ട്. അന്തിമ റിപ്പോർട്ട് ലഭിച്ച ശേഷം റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്ന കാര്യം ഗതാഗത കമ്മീഷനർ പരിശോധിക്കുന്നതാണ്.

(സി) വാഹനങ്ങളുടെ പ്രൊപ്പല്ലർ ഷാഫ്റ്റ് ഒടിഞ്ഞ് നിലത്ത് കുത്തി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ഷിഫ്റ്റ് ഒടിഞ്ഞാലും താങ്ങി നിർത്തുന്നതരത്തിൽ യു ആകൃതിയിലുള്ള ബ്രാക്കറ്റുകൾ ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചു. സ്റ്റേജു കാര്യേജുകളിൽ എമർജൻസിവാതിൽ നിർബന്ധമാക്കി. ഹെവി ട്രാൻസ്പോർട്ടു വാഹനങ്ങളിൽ 1.9.2003 മുതൽ സ്പീഡ് ഗവേർണർ ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വാഹനങ്ങളുടെ അമിത വേഗത, മദ്യപിച്ച് വാഹനമോടിക്കൽ തുടങ്ങിയവ കണ്ടുപിടിക്കാൻ വാഹന പരിശോധന ഊർജ്ജിതമാക്കി. വാഹന പരിശോധനക്കായി 5 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചു. മണ്ണെണ്ണ കലർന്ന ഇന്ധനം ഉപയോഗിക്കുന്നതു കണ്ടു പിടിക്കാനും പരിശോധനകൾ നടത്തിവരുന്നു.

## കാലപ്പഴക്കം ചെന്ന ബോട്ടുകൾ മാറ്റുന്നതിന് നടപടി

627 ശ്രീ കെ സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗത വകുപ്പ് ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വിലയിരുത്തിയട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) കാലപ്പഴക്കം ചെന്ന ബോട്ടുകൾ നിലവിൽ സർവീസ് നടത്തുന്നുണ്ടോ ;

(ഡി) എങ്കിൽ ഇവ മാറ്റി അപകടരഹിതമായ പുതിയതരം ബോട്ടുകൾ സർവ്വീസിന് ഉപയോഗിക്കാൻ വകുപ്പ് തയ്യാറാകുമോ ?

**<u>ഉത്തരം</u>**

**ശ്രീ. ആർ.ബാലകൃഷ്ണപ്പിളള (ഗതാഗത വകുപ്പുമന്ത്രി ) :**

(എ ) അല്ല.

(ബി) ഉണ്ട്. റോഡ് ഗതാഗതം മെച്ചപ്പെട്ട സ്ഥലങ്ങളിൽ യാത്രക്കാർ കുറഞ്ഞതും വെള്ളക്കെട്ടായ സ്ഥലങ്ങളിലും ദ്വീപിലും താമസിക്കുന്ന ജനങ്ങളുടെ സൗകര്യാർത്ഥം യാത്രക്കാർ കുറവാണെങ്കിലും നിർബന്ധമായി ബോട്ട് ഓടിക്കേണ്ടി വരുന്നതും ജലഗതാഗത വകുപ്പിന്റെ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നു. ജലഗതാഗത വകുപ്പിന്റെ വരുമാനത്തിന്റെ നല്ലൊരു ഭാഗം അതിന്റെ പ്രവർത്തന ചെലവിനുവേണ്ടിവരുന്നു.

(സി) സർവീസ് നടത്തുന്ന ബോട്ടുകലിൽ പഴക്കം ചെന്നവയും ഉൽപ്പെടുന്നുണ്ട്.

(ഡി) 25 വർഷത്തിലധികം പഴക്കമുളല എല്ലാ ബോട്ടുകലും ഒരു വർഷത്തിനകം ഘട്ടം ഘട്ടമായി മാറ്റി പകരം പുതിയ ബോട്ടുകൾ സർവീസിനിറക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബോട്ടുകൾ വാങ്ങുന്നതിനും നന്നാക്കുന്നതിനുമായി നടപ്പു വർഷത്തിൽ 625 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.